# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2950 — 17.10.2016 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസിന്റെ വില്പനശാലകളിൽ വില സ്ഥിരത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസിന്റെ വില്പന ശാലകളിൽ സാധനങ്ങൾക്ക് വില വർദ്ധന വരുത്താതെ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകൾ വഴി സബ്സിഡിയോടെ വിതരണം ചെയ്യുന്ന 13 ഇനം സാധനങ്ങളുടെ വില ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. |
| (ബി) ഏതെല്ലാം തരം സാധനങ്ങളാണ് വില വർദ്ധന ഇല്ലാതെ നൽകാനുദ്ദേശിക്കുന്നത്; വിവരിക്കുമോ; | (ബി) വിലവർദ്ധന വരുത്താതെ നൽകിവരുന്ന അവശ്യസാധനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) വില വർദ്ധന വരുത്താതെ സാധനങ്ങൾ എങ്ങനെയാണ് ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കുമോ;<br><br>(ഡി) ഇതിനായി സിവിൽ സപ്ലൈസിന് എന്തെല്ലാം സഹായങ്ങൾ നൽകാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി)യും (ഡി)യും സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് അനുവദിക്കുന്ന ധനസഹായം സബ്സിഡി വിൽപ്പനയിൽകൂടി സംഭവിക്കുന്ന നഷ്ടം നികത്തുവാൻ സഹായകരമാണ്. ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച ഏറ്റവും കൂടുതൽ ബജറ്റ് വിഹിതമാണ്. 2016 സെപ്റ്റംബർ മാസം വരെ 131.52 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഇനം | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന സബ്സിഡി വിൽപ്പനവില (രൂപ കി. ഗ്രാമിന്) | നിലവിലെ സബ്സിഡി വിൽപ്പനവില (രൂപ കി. ഗ്രാമിന്) |
|---|---|---|---|
| 1 | ചെറുപയർ | 74.00 | 66.00 |
| 2 | ഉഴുന്ന് ബോൾ | 66.00 | 66.00 |
| 3 | വൻകടല | 43.00 | 43.00 |
| 4 | വൻപയർ | 45.00 | 45.00 |
| 5 | തുവര പരിപ്പ് | 65.00 | 65.00 |
| 6 | മുളക് | 75.00 | 75.00 |
| 7 | മല്ലി | 92.00 | 92.00 |
| 8 | പഞ്ചസാര | 22.00 | 22.00 |
| 9 | ജയ അരി | 25.00 | 25.00 |
| 10 | കുറുവ അരി | 25.00 | 25.00 |
| 11 | മട്ട അരി | 24.00 | 24.00 |
| 12 | പച്ചരി | 23.00 | 23.00 |
| 13 | വെളിച്ചെണ്ണ | 88.00 | 90.00 |

സെക്ഷൻ ഓഫീസർ